3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി നികുതിപിരിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കും, റവന്യൂ ഉദ്യോഗസ്ഥന്മാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഹൈക്കോടതിയിൽ വിൽപ്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) 6418 കോടി രൂപയാണ് ഇക്കൊല്ലം പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ

14 [3299] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിൽപ്പന നികുതി വകുപ്പ് എത്ര കടപരിശോധനകൾ നടത്തി; ഇതിൽ ഓരോന്നിലും വകുപ്പ് കണ്ടെത്തിയിട്ടുള്ള നികുതി വെട്ടിപ്പുകൾ എന്തെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം വിൽപ്പന നികുതി ഓഫീസർമാർ ഒറ്റയ്ക്ക് കട പരിശോധന നടത്തിയത് എവിടെയെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഓഫീസർമാർ ഒറ്റയ്ക്ക് കടപരിശോധന നടത്തിയതിൽ എത്ര നികുതി വെട്ടിപ്പ് കണ്ടുപിടിച്ചിട്ടുണ്ട്;

(ഡി) അഴിമതിയും സ്വജന പക്ഷപാതത്തിനും വഴിവയ്ക്കുന്ന ഈ ഓഫീസർമാരുടെ ഒറ്റയ്ക്കുള്ള കടപരിശോധന നിർത്തിവെച്ച് സ്ക്വാഡ് രീതിയിൽ കടപരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ;

(ഇ) കടപരിശോധനയ്ക്കും നികുതി വെട്ടിപ്പ് തടയുവാനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2001 മുതൽ 30-4-2003 വരെ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം നടത്തിയ കടപരിശോധനകളുടെയും കണ്ടുപിടിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

നികുതി വെട്ടിപ്പിന്റെയും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

	ഡിസ്ട്രിക്ട്		കട പരിശോധന യുടെ എണ്ണം	കുറ്റംകണ്ടുപിടിച്ച കേസുകളുടെ എണ്ണം	നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടുപിടിക്കപ്പെട്ട തുക (ലക്ഷത്തിൽ)
	(1)		(2)	(3)	(4)
1.	തിരുവനന്തപുരം	..	561	475	526.22
2.	കൊല്ലം	..	920	918	755.56
3.	കോട്ടയം	..	577	551	378.91
4.	ഇടുക്കി	..	377	342	29.51
5.	എറണാകുളം	..	1290	1293	7273.13
6.	തൃശ്ശൂർ	..	722	843	2854.83
7.	പാലക്കാട്	..	465	407	11772.75
8.	കോഴിക്കോട്	..	4440	1234	1292.08
9.	കണ്ണൂർ	..	873	745	225.23

(ബി) പുതിയ രജിസ്ട്രേഷൻ കൊടുക്കുന്നതിന്റെ ഭാഗമായല്ലാതെ, വിൽപ്പന നികുതി ഉദ്യോഗസ്ഥന്മാർ ഒറ്റക്ക് കട പരിശോധന നടത്താറില്ല.

(സി, ഡി) നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനുള്ള കടപരിശോധന വിൽപ്പന നികുതി ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഒറ്റയ്ക്ക് നടത്താറില്ല. വിൽപ്പന നികുതി ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലോ അനുവാദത്തോടുകൂടിയോ, വിൽപ്പന നികുതി ഉദ്യോഗസ്ഥന്മാർ, ഇന്റലിജൻസ് ഓഫീസർമാർ/ ഇൻസ്പെക്ടിംഗ് കമ്മീഷണർമാർ, ഡെപ്യൂട്ടി കമ്മീഷണർമാർ എന്നിവർ ചേർന്നാണ് കട പരിശോധന നടത്താറുള്ളത്. ഏതെങ്കിലും കച്ചവടക്കാരൻ നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, ആ കച്ചവടക്കാരൻ നടത്തുന്ന നികുതി വെട്ടിപ്പിനെ സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷണർക്കു റിപ്പോർട്ടു ചെയ്യുകയും കമ്മീഷണറുടെ ഉത്തരവു വാങ്ങിയ ശേഷം, ആ കച്ചവടക്കാരന്റെ വീടും കടയും ഗോഡൗണും ഒന്നിച്ച് റെയ്ഡ് ചെയ്ത്, നികുതി വെട്ടിപ്പ് തടയാനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ഇ) നികുതി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ് വിഭാഗത്തിന്റെ സ്ക്വാഡുകളും ഡെപ്യൂട്ടി കമ്മീഷണറുടെ നിർദ്ദേശപ്രകാരമുള്ള 24 മണിക്കൂർ സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബൈ റൂട്ടുകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിന് മുഴുവൻ സമയവും റോന്ത് ചുറ്റുന്ന സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ ചരക്ക് വാഹനങ്ങളുടെ പരിശോധന കർശനമാക്കിയിട്ടുണ്ട്. കള്ളക്കടത്ത് നടത്താൻ ഉപയോഗിക്കുന്ന വാഹനങ്ങൾ സഹിതം കള്ളക്കടത്ത് സാധനങ്ങൾ കണ്ടു കെട്ടുന്നതിനുള്ള നിയമം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വിഭാഗം അന്വേഷണം നടത്തിയും നികുതി വെട്ടിപ്പ് കണ്ടുപിടിക്കാറുണ്ട്. വാഹനങ്ങൾ ഓവർ ചെക്കിംഗ് നടത്തിയും നികുതി വെട്ടിപ്പ് തടയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly -